പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *552 — 27/10/2016 ൽ മറുപടിക്ക്

## റീസർവ്വേ നടപടി പുരോഗതി അവലോകനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>ശ്രീ. ടി.എ. അഹമ്മദ് കബീർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) റീസർവ്വേ നടപടി പുരോഗതി സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ റീസർവ്വേ നടപടികൾ എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 881 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിനായി കൈമാറിയിട്ടുണ്ട്. 8 വില്ലേജുകളിൽ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 53 വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ച് റിക്കാർഡുകൾ പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി പ്രദർശിപ്പിച്ചിട്ടുണ്ട്. |
| (സി) റീസർവ്വേ നടന്ന പ്രദേശങ്ങളിൽ ഉടമകളുടെ പേര് മാറിയതും വിസ്തീർണ്ണം, ഇനം എന്നിവയിൽ വന്ന പിശകുകളും മൂലം സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) ഉണ്ടെങ്കിൽ അത് സമയബന്ധിതമായി പരിഹരിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) യും (ഡി) യും റീസർവ്വേ നടന്ന സ്ഥലങ്ങളിൽ പേര് മാറ്റം സംബന്ധിച്ചും ഇനംമാറ്റം സംബന്ധിച്ചും വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ചും പൊതുജനങ്ങളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. 31.05.2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) 200/2010/റവന്യൂ പ്രകാരം റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിലെ ഭൂപരാതികളിന്മേൽ അതാത് താലൂക്ക് ആഫീസുകൾ മുഖാന്തിരം LRM സംവിധാനത്തിലൂടെ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പരാതികളുടെ തീർപ്പാക്കൽ പുരോഗതി വിലയിരുത്തി തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ